## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 416** **11-06-2024 - ൽ മറുപടിയ്ക്ക്**

## അരൂർ ഫയർസ്റ്റേഷൻ നിർമ്മാണത്തിന് സാമ്പത്തികാനുമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അരൂർ ഫയർസ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണത്തിന് തീരദേശ പരിപാലന സമിതിയുടെ അനുമതി ലഭ്യമാക്കുന്നതിനായി ഡയറക്ടർ ജനറൽ, ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് സാമ്പത്തികാനുമതിക്ക് സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (എ) | അരൂർ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി തീരദേശ പരിപാലന അതോരിറ്റിയുടെ അനുമതി ലഭ്യമാക്കുന്നതിന് 7,86,700/-രൂപ 2070-00-108-98-01-34-3" എന്ന ശീർഷകത്തിൽ വകയിരുത്തുന്നതിന് ഡയറക്ടർ ജനറൽ, ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് സമർപ്പിച്ച അപേക്ഷ ആഭ്യന്തര വകുപ്പ് ധന വകുപ്പിന് ലഭ്യമാക്കിയിരുന്നു. ടി വിഷയം ധന വകുപ്പ് പരിശോധിക്കുകയും അരൂർ ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള ഭരണാനുമതി ഉത്തരവിന്റെ പകർപ്പ്, അംഗീകരിക്കപ്പെട്ടിട്ടുള്ള estimate എന്നിവ ലഭ്യമാക്കുവാനും CRZ ക്ലിയറൻസ് അനുമതിക്കായി സർക്കാർ വകുപ്പുകൾ സമർപ്പിക്കുന്ന അപേക്ഷയ്ക്ക് KCZMA ക്ക് ഫീസ് അടയ്ക്കേണ്ടതുണ്ടോ എന്നും വ്യക്തമാക്കി ഫയൽ പുന:സമർപ്പിക്കാൻ ആഭ്യന്തര വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നു. കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകളെ CRZ അനുമതിയ്ക്കായുള്ള സ്കൂട്ടിനി ഫീസിൽ നിന്നും ഒഴിവാക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ലെന്ന് പരിസ്ഥിതി വകുപ്പ് അറിയിച്ചിട്ടുണ്ടെന്ന വിവരം സഹിതം അഭ്യന്തര വകുപ്പ് ഫയൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ ധന വകുപ്പ് നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ